## ശ്രദ്ധ ക്ഷണിക്കൽ

### കേരളത്തിലെ തോട്ടം മേഖലയിലെ തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും വേതനവും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വിഷയം ഗൗരവമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ ഏകദേശം മൂന്ന് ലക്ഷത്തോളം വരുന്ന തേയില, റബ്ബർ, കാപ്പി, ഏലം തുടങ്ങിയ തോട്ടം മേഖലയിലെ തൊഴിലാളികളുടെയും അനുബന്ധ ജീവനക്കാരുടെയും നിലവിലെ വേതനക്കരാറിന്റെ കാലാവധി 2025 ഡിസംബർ 31-ന് അവസാനിക്കുകയാണ്. എന്നാൽ പുതിയ വേതനക്കരാറിനെക്കുറിച്ച് ഇതുവരെ ചർച്ചകൾ ആരംഭിച്ചിട്ടില്ല എന്നതിൽ തൊഴിലാളികൾക്ക് ആശങ്കയുണ്ട്. കേരളത്തിലെ ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന വിഭാഗങ്ങളിലൊന്നാണ് തോട്ടം മേഖലയിലെ തൊഴിലാളികളും ജീവനക്കാരും. അത്യന്തം ദുഷ്കരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന ഈ വിഭാഗത്തിന്റെ ഡി.എ. നിരക്ക് പോലും മുപ്പതിലധികം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. തോട്ടം തൊഴിലാളികളുടെയും

ജീവനക്കാരുടെയും വേതനവും മറ്റ് ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് 01-01-2026 മുതൽ പ്രാബല്യത്തിൽവരത്തക്കവിധം ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ക്രോപ്പ് വ്യത്യാസമില്ലാതെ വേതനം ഏകീകരിച്ച് അടിസ്ഥാന ശമ്പളം 650 രൂപയായി നിശ്ചയിക്കുകയും ഡി.എ. ഒരു പോയിന്റിന് കുറഞ്ഞത് 10 പൈസയായി വർധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മുപ്പതുവർഷത്തിലധികമായി പുതുക്കാത്ത ഓവർ കിലോ ഇൻസെന്റീവ് കാലാനുസൃതമായി പരിഷ്കരിക്കരിക്കണം. എല്ലാ ക്രോപ്പുകളിലെയും സർവീസ് വെയ്റ്റേജും സ്പെഷ്യൽ കാറ്റഗറി തൊഴിലാളികളുടെ ശമ്പളവും ഡി.എ.-യും പുതുക്കി നിശ്ചയിക്കണം. തോട്ടം തൊഴിലാളികൾക്കായി പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുകയും പഴയ ക്വാർട്ടേഴ്സുകളുടെ റിപ്പയറിംഗ് നടത്തുകയും വേണം. തോട്ടങ്ങളിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കി തൊഴിലുടമയുടെ വിഹിതം മാനേജ്മെന്റുകൾ നൽകുന്നത് ഉറപ്പാക്കണം. ജോബ് ഡിഫറെൻഷ്യൽ വാഷിങ് അലവൻസ്, ലാഡർ ടാപ്പിങ്ങ് അലവൻസ്, വഴിക്കാശ്, ബാറ്റ തുടങ്ങിയവ വർധിപ്പിക്കണം. സെക്യൂരിറ്റി ജീവനക്കാർ, വാച്ചർമാർ എന്നിവരെ മാസ

ശമ്പളക്കാരാക്കണം. എല്ലാ വിഭാഗം തൊഴിലാളികൾക്കും യൂണിഫോം നൽകുകയും വെതർ പ്രൊട്ടക്ടീവ് അലവൻസ് 500 രൂപയായി വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. രാത്രി ഷിഫ്റ്റ് അലവൻസ്, തേയില തൊഴിലാളികൾക്ക് മാസത്തിൽ ഒരു കിലോ തേയില സൗജന്യമായി നൽകൽ തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കണം. ഇ.പി.എഫ്. ഹയർ ഓപ്ഷൻ വ്യവസ്ഥ പുനഃസ്ഥാപിക്കുകയും ഉയർന്ന തസ്തികകളിൽ കുറഞ്ഞത് അമ്പത് ശതമാനം വനിതാ നിയമനം ഉറപ്പാക്കുകയും വേണം. വന്യജീവി അക്രമണങ്ങളുമായി ബന്ധപ്പെട്ട് തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ കടുത്ത ഭീഷണി നേരിടുകയാണ്. ഭീതിയോടെയാണ് ആളുകൾ കഴിയുന്നത്. നിരവധി തോട്ടം തൊഴിലാളികൾ ദാരുണമായി മരണപ്പെടുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ആവശ്യങ്ങൾ തോട്ടം മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് അങ്ങയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു. അതിനാൽ ടി വിഷയത്തിൽ അടിയന്തരമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പുനർനിർണ്ണയിച്ചുകൊണ്ട് 08-08-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ മിനിമം വേതന നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും സേവന വേതന വ്യവസ്ഥകൾക്ക് 2023 ജനുവരി മാസം ഒന്നുമുതൽ മുൻകാല പ്രാബല്യം നൽകികൊണ്ടുള്ള ടി നോട്ടിഫിക്കേഷന്റെ കാലാവധി 2025 ഡിസംബർ 31-ൽ അവസാനിച്ചിട്ടുള്ളതുമാണ്. പ്രസ്തുത നോട്ടിഫിക്കേഷന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പായിതന്നെ 2025 ഏപ്രിൽ മാസം 7-ന് ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ, തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ പുതുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി എന്റെ അധ്യക്ഷതയിൽ 2023 ജൂൺ മാസം 2-ന് നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗ തീരുമാനപ്രകാരമുള്ള അടിസ്ഥാന ശമ്പള വർധനവ്

മാത്രമാണ് നോട്ടിഫിക്കേഷനിലൂടെ നിലവിൽ വന്നിട്ടുള്ളതെന്നും മറ്റ് വിഷയങ്ങളായ തൊഴിലാളികളുടെ ഡി.എ. പോയിന്റ് വാല്യൂ, ഓവർകിലോ റേറ്റ്, സൂപ്പർവൈസർമാരുടെ ശമ്പളം എന്നിങ്ങനെ നിരവധി വിഷയങ്ങൾ സംബന്ധിച്ച് തുടർചർച്ചകൾ ഒന്നും നടത്തിയിട്ടില്ലന്നും നിലവിലുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കാലാവധി 2025 ഡിസംബർ 31-ഓടുകൂടി അവസാനിക്കുന്നതിനാൽ മിനിമം വേതന വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതായ മറ്റ് വിഷയങ്ങൾ ചർച്ചയിലൂടെ പരിഹരിക്കപ്പെടേണ്ടതുണ്ടെന്നും തൊഴിലാളി പ്രതിനിധികൾ വ്യക്തമാക്കിയിരുന്നു. തുടർന്ന് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് വിവിധ തൊഴിലാളി പ്രതിനിധികൾ ഡിമാൻഡുകൾ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2025 ആഗസ്റ്റ് മാസം 20-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം വിളിച്ചുചേർത്ത് തൊഴിലാളികളുടെ ക്ഷാമബത്ത ഉൾപ്പെടെയുള്ള അനുബന്ധ ആനുകൂല്യ വിഷയങ്ങളിൽ 2025 ആഗസ്റ്റ് 20-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ക്രമീകരിച്ചുകൊണ്ട് തുടർചർച്ച നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത യോഗത്തിൽ 2023 ജൂൺ 2-ന് മന്ത്രിയുടെ

അധ്യക്ഷതയിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിലുണ്ടായ മെമ്മോറാണ്ടം ഓഫ് സെറ്റിൽമെന്റിൽ തൊഴിലാളികളുടെ അടിസ്ഥാനവേതനത്തിൽ 41 രൂപയുടെ വർധനവ് തീരുമാനിക്കപ്പെട്ടതിന് പുറമേ ക്ലോസ് ഏഴിൽ 2021-ലെ നോട്ടിഫിക്കേഷനിൽ പ്രതിപാദിച്ചിട്ടുള്ള മറ്റെല്ലാ വ്യവസ്ഥകളും അതേപടി തുടരുന്നതാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ടി സെറ്റിൽമെന്റ് പ്രകാരം പ്രിലിമിനറി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് ആയതിലെ എല്ലാ വ്യവസ്ഥകളും കൃത്യമായി മേഖലയിൽ നടപ്പിലാക്കി കഴിഞ്ഞതുമാണെന്നും സാധാരണഗതിയിൽ സേവന വേതന വ്യവസ്ഥയുടെ കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് യൂണിയനുകൾ സംയുക്തമായി ലഭ്യമാക്കുന്ന ചാർട്ടർ ഓഫ് ഡിമാൻഡ് ആസ്പദമാക്കിയാണ് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടുന്നത് എന്നതിനാൽ നോട്ടിഫിക്കേഷന്റെ കാലാവധി അവസാനിക്കാതെ ഡിമാൻഡുകളിൽ ചർച്ച നടത്താൻ കഴിയുന്നതല്ല എന്നുമുള്ള നിലപാട് മാനേജ്മെന്റുകൾ സ്വീകരിച്ചതുമൂലം പ്രസ്തുത വിഷയങ്ങൾ ചർച്ച ചെയ്യാൻ സാധിക്കുകയുണ്ടായില്ല. നിലവിൽ നോട്ടിഫിക്കേഷന്റെ കാലാവധി

അവസാനിച്ചിട്ടുള്ള സാഹചര്യത്തിലും യൂണിയനുകൾ ലഭ്യമാക്കിയിട്ടുള്ള ഡിമാൻഡുകൾ ആസ്പദമാക്കിയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ പുനർനിർണ്ണയിക്കുന്നതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണർ മുഖേന സ്വീകരിച്ചുവരികയാണ്. പ്രസ്തുത യോഗത്തിലൂടെ തൊഴിലാളികളുടെയും ജീവനക്കാരുടെയും വേതനവും അനുബന്ധ ആനുകൂല്യങ്ങളും കാലാനുസൃതമായി പരിഷ്കരിച്ച് 2026 ജനുവരി മാസം ഒന്നുമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ പരിസരത്തിലോ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ഭവനം പദ്ധതി. ഭവനം ഫൗണ്ടേഷൻ കേരളം മുഖേന മൂന്നാർ കുറ്റിയാർവാലിയിലെ തോട്ടം തൊഴിലാളികൾക്കായി ഒമ്പത് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. മൂന്നാർ മേഖലയിൽ തോട്ടം തൊഴിലാളികൾക്ക് കൂടുതൽ

വീടുകൾ നിർമ്മിച്ചുനൽകുന്നതിനായി ചിന്നക്കനാലിൽ സർവെ നമ്പർ 20/1 ഉൾപ്പെട്ട ഒന്നര ഏക്കറും സർവെ നമ്പർ 34/1 ഉൾപ്പെട്ട അഞ്ചേക്കറും കണ്ടെത്തിയിരുന്നു. ഭവനം ഫൗണ്ടേഷൻ കേരള ഭവനം പദ്ധതി ആർ.പി.എൽ.-ന് കീഴിൽ 2020-21 വർഷത്തിൽ ആറ് വീടുകളുടെ (3 ഇരട്ടഭവനങ്ങൾ) നിർമ്മാണം പൂർത്തിയാക്കി റീഹാബിലിറ്റേഷൻ പ്ലാന്റേഷന് കൈമാറിയിട്ടുള്ളതാണ്. നിലവിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളായ ബോണക്കാട് എസ്റ്റേറ്റ്, പീരുമേട് എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ തൊഴിൽ വകുപ്പ് മുഖേന നടത്തിവരുന്നുണ്ട്. പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ എസ്.ബി.ഐ. അക്കൗണ്ടിൽ കാലാവധി കഴിഞ്ഞിട്ടും തിരിച്ചടയ്ക്കാതെ സൂക്ഷിച്ചിട്ടുള്ള രണ്ട് കോടി അറുപത്തിയഞ്ച് ലക്ഷം രൂപയിൽനിന്നും ഒരു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എൺപത്തിമൂവായിരത്തി എഴുന്നൂറ്റി നാല് (1,99,83,704/-) രൂപ ചെലവാക്കി നിർമ്മിതി കേന്ദ്രം വഴി ബി.എ. 1 ഡിവിഷൻ, ബി.എ. 2 ഡിവിഷൻ എന്നീ ലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിന് ലേബർ

കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. കൂടാതെ ബോണക്കാട് എസ്റ്റേറ്റിന്റെ 50 യൂണിറ്റുകൾ ഉൾപ്പെടുന്ന ജി.ബി. ഡിവിഷൻ, 30 യൂണിറ്റുകൾ ഉൾപ്പെടുന്ന ടോപ്പ് ഡിവിഷൻ എന്നീ ലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തികൾ നിർമ്മിതി കേന്ദ്രം വഴി നടത്തുന്നതിനായി സമർപ്പിച്ച പദ്ധതി അംഗീകരിച്ചുകൊണ്ട് പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുള്ള തുകയിൽനിന്നും ഒരു കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തിതൊണ്ണൂറ്റിമൂവായിരത്തി ഇരുന്നൂറ് (1,99,93,200/-) രൂപയുടെ ഭരണാനുമതി സർക്കാർ ഉപാധികളോടെ നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പ്രവർത്തനങ്ങൾ ബി.എ. 1 ഡിവിഷനിലെ 10 ലയങ്ങളിൽ 9 ലയത്തിന്റെയും ബി.എ. 2 ഡിവിഷനിലെ 13 ലയങ്ങളിൽ 3 ലയത്തിന്റെയും റൂഫിങ് വർക്ക് പൂർത്തിയാക്കിയിട്ടുള്ളതും ജി.ബി. ഡിവിഷനിലെ 13 ലയങ്ങളിൽ 11 ലയങ്ങളുടെയും ടോപ്പ് ഡിവിഷന്റെ 7 ലയങ്ങളിൽ 3 ലയങ്ങളുടെയും റൂഫിങ് വർക്ക് പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ 20-06-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട്

താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി ഭരണാനുമതി നൽകിയതിനാൽ നിർമ്മാണപ്രവർത്തികൾ അനുവദിക്കുന്നതിനുള്ള നടപടികൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളെ 1951-ലെ പ്ലാന്റേഷൻ ലേബർ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമപ്രകാരം തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് സമഗ്രമായ സാമൂഹിക സുരക്ഷ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. ആക്റ്റിലെ വകുപ്പ് 61 പ്രകാരം, ഒരാൾക്ക് ഇ.എസ്.ഐ. ആക്റ്റ് പ്രകാരം ഏതെങ്കിലും ഗുണം ലഭിക്കുമ്പോൾ, മറ്റേതെങ്കിലും നിയമപ്രകാരം സമാനമായ പരിരക്ഷ സ്വീകരിക്കുന്നത് നിരോധിച്ചിരുന്നു. കൂടാതെ, സീസണൽ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആക്റ്റ് ബാധകമല്ല. അതിനാൽ, കേന്ദ്ര തൊഴിൽ മന്ത്രാലയം, 1948-ലെ ഇ.എസ്.ഐ. ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി, പ്ലാന്റേഷൻ തൊഴിലാളികളെ

ഇ.എസ്.ഐ. ആക്റ്റിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന നിർദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്ലാന്റേഷൻ തൊഴിലാളികളെ ഇ.എസ്.ഐ.-യിൽ നിന്നും ഒഴിവാക്കിയിരുന്നു. തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, 2026 ജനുവരി 1-നാണ് പുതുക്കിയ ശമ്പളം നിലവിൽ വരേണ്ടത്. ഇനിയൊരു പി.എൽ.സി. യോഗം നടത്തുന്നത് സാധ്യമല്ല. അതുകൊണ്ട് ഈ അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഒരു ഇടക്കാല ആശ്വാസം അവർക്ക് നൽകുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ; അങ്ങും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ചേർന്നുകൊണ്ട് അടിയന്തരമായി ട്രേഡ് യൂണിയൻ നേതാക്കളുടെയും ബന്ധപ്പെട്ടവരുടെയും മീറ്റിംഗ് വിളിച്ച് നിലവിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് അതിന് പരിഹാരം കാണുന്നതിനാവശ്യമായുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, വ്യവസായ വകുപ്പുമന്ത്രിയുമായി ആലോചിച്ചുകൊണ്ട് തൊഴിലാളി സംഘടനാനേതാക്കന്മാരുടെ ഒരു യോഗം നമുക്ക് ചേരാവുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. എങ്കിൽത്തന്നെയും തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെ പരിഗണിക്കേണ്ട വിഷയമാണ്. ഇടക്കാലാശ്വാസമായ തുക നൽകുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും ധനകാര്യ വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാം.

<u>ദേശീയപാത 66-ലെ തലപ്പാടി-ചെങ്കള റീച്ചിലെ ടോൾപിരിവ് പിൻവലിക്കേണ്ടതിന്റെയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച്</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കേരള അതിർത്തി മുതൽ തിരുവനന്തപുരം വരെ എൻ.എച്ച്.-66 റോഡുനിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സർക്കാരും കേന്ദ്രവും ഞങ്ങളുടെ പദ്ധതികളെന്ന് അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറച്ച് ദിവസങ്ങളായി എന്റെ നാട്ടിൽ സമരം നടന്നുകൊണ്ടിരിക്കുകയാണ്.

മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള ആരിക്കാടിയിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, താൽക്കാലികമായി ഒരു ടോൾ നിർമ്മിക്കുകയും ജനങ്ങളിൽനിന്ന് അന്യായമായി ടോൾ പിരിക്കുന്നതിനെതിരെയാണ് സമരം. ബി.ജെ.പി. ഒഴികെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒറ്റക്കെട്ടായി നിന്നുകൊണ്ട് എം.എൽ.എ. ചെയർപേഴ്സണായ ആക്ഷൻ കമ്മിറ്റിയാണ് ഈ സമരം നടത്തുന്നുയെന്നതാണ് മറ്റൊരു പ്രത്യേകത. ടോൾ പിരിക്കുമെന്നറിഞ്ഞ സമയം മുതൽ മുട്ടാത്ത വാതിലുകളില്ല. ബഹുമാന്യനായ കാസർഗോഡ് എം.പി. ശ്രീ. രാജ്മോഹൻ ഉണ്ണിത്താൻ, കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ഉദുമ എം.എൽ.എ. ശ്രീ. സി. എച്ച്. കുഞ്ഞമ്പു എന്നിവരെല്ലാം വർക്ക് ആരംഭിച്ചപ്പോൾ മുതൽ രാഷ്ട്രീയത്തിലധീതമായി യാതൊരു കാരണവശാലും അവിടെ താൽക്കാലികമായി ടോൾ നിർമ്മിക്കാൻ പാടില്ലെന്ന് ആവശ്യപ്പെട്ടതാണ്. എന്നാൽ 60 കിലോമീറ്ററിനുശേഷം ടോൾ സ്ഥാപിച്ച് നല്ല റോഡ് നിർമ്മിക്കുമ്പോൾ കാസർഗോഡ് മഞ്ചേശ്വരക്കാർ എതിർക്കും എന്നുള്ളതാണ് ഇതേക്കുറിച്ച് അറിയാത്ത ആളുകൾ ചിന്തിക്കുന്നത്. എന്റെ

നാട്ടിൽ നൂറ് വർഷം പഴക്കമുള്ള മുസ്ലീങ്ങളുടെ മസ്ജിദും ഹൈന്ദവ വിശ്വാസികളുടെ ക്ഷേത്രവും ക്രിസ്ത്യാനികളുടെ ചർച്ചുമൊക്കെ ഞങ്ങൾ ഇടപ്പെട്ട് ക്ലിയറാക്കികൊടുത്തിട്ടുണ്ട്. അതുപോലെ മുന്നൂറ് വർഷത്തെ തഴക്കവും പഴക്കവുമുള്ള മരങ്ങൾ വെട്ടിമാറ്റുമ്പോൾ സങ്കടത്തോടുകൂടി ഞങ്ങൾ എല്ലാരീതിയിലും സഹകരിച്ചിരുന്നു. ഇന്ത്യയുടെ ഗതാഗത മന്ത്രി പാർലമെന്റിൽ നടത്തിയ പ്രസംഗം സാമൂഹ്യമാധ്യമങ്ങളിലൂടെ നാമെല്ലാം കേൾക്കുന്നതും നിരവധി തവണ കണ്ടതുമാണ്. പാർലമെന്റിൽ ഗതാഗത മന്ത്രിയുടെ ഉറപ്പായിരുന്നു ഈ പദ്ധതി. എല്ലാ യോഗങ്ങളിലും കൃത്യമായി പറഞ്ഞിരുന്നു 60 കിലോമീറ്ററിൽ ഒരു ടോൾബൂത്തെന്ന്. അതിനിടയിൽ തലപ്പാടിയിൽ ഒരു ടോൾ ബൂത്തുണ്ട്. അതിനേക്കാളും ഭീമമായ തുക കൊടുത്ത് ആര്യക്കാടിയിൽ വേറൊരു ടോൾബൂത്ത് സ്ഥാപിക്കുന്നുയെന്നുള്ളത് അന്യായമാണ്. ഞങ്ങളുടെ നാട്ടുകാർ ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും പാരമ്പര്യമായി മംഗലാപുരവുമായി ബന്ധമുള്ള ഒരു ജില്ലയാണ്. ഡയാലിസിസ് രോഗികൾ, ഹൃദ്രോഗികൾ, ക്യാൻസർ രോഗികൾ എന്നിവരെല്ലാം ഇവിടെ ടോൾ തുക

കൊടുത്തു പോകണം. കഴിഞ്ഞ ആഴ്ച കർണാടക കെ.എസ്.ആർ.ടി.സി ബസ്സ്ചാർജ് പെട്ടെന്ന് 25 രൂപയിൽ നിന്ന് 35 രൂപയാക്കി വർധിപ്പിച്ചു. ആവശ്യ സാധനങ്ങളുടെ വില ഉയരുന്നതിനാൽ ഞങ്ങൾ ശക്തമായ സമരത്തിലേക്ക് പോയി. ഞങ്ങളുടെ സമരസമിതിയിലെ ഇർഷാദ് എന്നൊരു ചെറുപ്പക്കാരൻ ഇപ്പോഴും റിമാൻഡിലാണ്. മഞ്ചേശ്വരത്തെ ദ്രോഹിക്കാൻ ബി.ജെ.പി.-ക്കാരുടെ ഗിഫ്റ്റാണോ അന്യായമായ ടോൾബൂത്തെന്ന് മഞ്ചേശ്വരത്തെ ജനങ്ങൾ ചോദിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി എന്തായാലും ഇക്കാര്യത്തിൽ ഇടപെടണം. വെട്ടിച്ചിറ, പന്തീരാങ്കാവ് എന്നീ സ്ഥലങ്ങളിലടക്കം സമരങ്ങൾ നടക്കുകയാണ്. ഇന്ത്യയുടെ ഗതാഗത മന്ത്രി 60 കിലോമീറ്ററിനുള്ളിൽ ഒരു ടോൾബൂത്ത് എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ വാക്കിന് വിപരീതമായി ഈ താൽക്കാലിക ടോൾ നിർമ്മിക്കാൻ അങ്ങ് അനുമതി കൊടുക്കരുത്. അങ്ങ് ഇടപെട്ട് അത് റദ്ദുചെയ്യാൻ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിന്റെ വടക്കേയറ്റമായ തലപ്പാടി-ചെങ്കള ബീച്ചുമായി ബന്ധപ്പെട്ട വിഷയം ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യും ജില്ലയിലുള്ള മറ്റ് എം.എൽ.എ.-മാരും വീണ്ടും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഒരിക്കൽക്കൂടി ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എൻ.എച്ച്.-66 ലോകമെമ്പാടുമുള്ള മലയാളികളുടെ സ്വപ്ന പദ്ധതിയാണ്. എം.എൽ.എ. ചൂണ്ടിക്കാട്ടിയതുപോലെ കേരളം അവകാശപ്പെടുന്നുവെന്ന് പറയുമ്പോൾ, വിവിധ സംസ്ഥാനങ്ങളിൽ ദേശീയപാത നിർമ്മിക്കുമ്പോൾ, കേന്ദ്രം അവകാശപ്പെടുന്നത് സ്വാഭാവികമാണ്. കാരണം അതിന്റെ നിർമ്മാണവും ഡിസൈനും ഫണ്ടുമെല്ലാം ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്. ഈ പ്രത്യേക പദ്ധതിക്ക് എങ്ങനെ സംസ്ഥാനംകൂടി ഇതിന്റെ അവകാശികളാകുന്നു എന്നുള്ളത് സമൂഹം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി മുടങ്ങിപ്പോയ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഒരു

സംസ്ഥാന സർക്കാർ പണം ചെലവഴിച്ചത് എൻ.എച്ച്.-66-നാണ്. അത് കേരളമാണ്; എൽ.ഡി.എഫ്. സർക്കാരാണ് എന്നുള്ള വസ്തുത സമൂഹമാകെ ചർച്ച ചെയ്യപ്പെടുകയുമാണ്. ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 5,580 കോടി രൂപ കിഫ്ബി ഫണ്ടാണ്. കടമെടുപ്പ് പരിധിയിൽപ്പെടുത്തിയതിന്റെ ഭാഗമായി അത് ഡബിളായി. അതായത് 12,000 കോടി രൂപയാണ് സംസ്ഥാന സർക്കാരിന് ചെലവ് വന്നത്. സ്വാഭാവികമായും മുടങ്ങിപ്പോയ ഒരു പദ്ധതി യാഥാർത്ഥ്യമാക്കാൻ സംസ്ഥാന സർക്കാർ നിശ്ചയദാർഢ്യത്തോടുകൂടി ഇടപെട്ടത്, തീർച്ചയായും ആ സർക്കാരിനെ നയിക്കുന്ന മുന്നണി ജനങ്ങൾക്കുമുമ്പാകെ അവകാശപ്പെടുമെന്നത് ജനങ്ങൾക്കും അറിയാവുന്ന വസ്തുതയാണ്. അതിനാൽ, ഇക്കാര്യം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഫസ്റ്റ് റീച്ചായ 39 കിലോമീറ്റർ പൂർത്തീകരിച്ചത് ULCC എന്ന കരാർ കമ്പനിയാണ്. എന്നാൽ സെക്കൻഡ് റീച്ചായ മെഗാകൺസ്ട്രക്ഷൻ എന്ന കമ്പനിയാണ് കൃത്യസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാതിരുന്നത്. അവർ പൂർത്തീകരിക്കാത്തതു കാരണം എന്റെ

നാട്ടിലെ ജനങ്ങൾ ഇത്രയും വലിയൊരു ടോൾ പിരിവ് നൽകുന്നത് അന്യായമല്ലേ? കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ട്. അങ്ങ് ജില്ലയിൽ അഞ്ച് എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ച് അടിയന്തരമായി അത് റദ്ദുചെയ്യാൻ ഇടപെടണമെന്നാണ് ഞാൻ വീണ്ടും ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇത് സംസ്ഥാന സർക്കാർ എം.എൽ.എ.-മാരുടെ യോഗം വിളിക്കാത്തത് കാരണമല്ല. ഇക്കാര്യം കേന്ദ്ര സർക്കാരാണ് കൈകാര്യം ചെയ്യുന്നത്. നവകേരള സദസ്സ് ആരംഭിച്ച സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച റോഡ് കാണുന്നതിനായി എല്ലാവരും അവിടെ ഇറങ്ങാൻ തീരുമാനിക്കുകയും ചില ചാനലുകൾ നവകേരളസദസ്സിന്റെ ബസ്സിന്റെ ടയർ പഞ്ചറായെന്ന് പറഞ്ഞുള്ള വാർത്തകൾവരെ പ്രചരിപ്പിച്ചു. എന്നാൽ ആ റോഡ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടേതാണ്. 2016-ൽ എൽ.ഡി.എഫ്. സർക്കാരല്ല കേരളത്തിൽ അധികാരത്തിൽ വന്നിരുന്നതെങ്കിൽ എൻ.എച്ച്-66 എന്നത് ഒരു സ്വപ്നം മാത്രമായി നിൽക്കുമായിരുന്നു എന്ന വസ്തുത ജനങ്ങൾക്ക്

അറിയാവുന്ന കാര്യമാണ്. ഇത് യാഥാർഥ്യമാക്കാൻ എല്ലാ നിലയിലുള്ള ഇടപെടലും സർക്കാർ നടത്തും. ഇത്തരം വിഷയങ്ങളിൽ എങ്ങനെയെല്ലാം ഇടപെട്ട് മുന്നോട്ടുപോകാം, അത് പരിഹരിക്കാം. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സുരക്ഷിതത്വം ഉറപ്പുവരുത്താനും ഓരോ ഇടങ്ങളിലും ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാന സർക്കാർ ഇടപെടൽ നടത്തുന്നതാണ്. ഇതിന്റെ നിർമ്മാണത്തിന്റെയും ഡിസൈനിന്റെയും പൂർണ്ണ ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണ്. യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകണം. കൃത്യമായ പരിശോധന നടത്തിയാൽ National Highways Fee (Determination of Rates and Collection) Rules പ്രകാരമാണ് നാഷണൽ ഹൈവേ ഇടപെട്ടിട്ടുള്ളത്. ഉന്നയിച്ച വിഷയം പരിശോധിച്ചാൽ കാൽനട യാത്രക്കാർക്ക് ദേശീയപാത മുറിച്ചുകടക്കുന്നതിന് സംവിധാനമൊരുക്കണമെന്ന വിഷയത്തിന്റെ ഭാഗമായി സ്റ്റേറ്റ് ഗവൺമെന്റ് ഇടപെടൽ നടത്തി മുന്നോട്ടുപോയിട്ടുണ്ട്. അതിന്റെ ഭാഗമായി ആലിയ ജങ്ഷൻ, ഷിറിയക്കുന്ന്, ആരിക്കാടി കടവത്ത്, നുള്ളിപ്പാടി, ഇന്ദിര നഗർ

എന്നീ സ്ഥലങ്ങളിൽ ഫൂട്ട് ഓവർ ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് ദേശീയപാത അതോറിറ്റി റീജിയണൽ ഓഫീസർ അംഗീകാരം നൽകുന്നതിന് പിന്നിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലാണുള്ളത്. ജനങ്ങൾക്ക് പ്രയാസകരമാകുന്ന സ്ഥിതി ഒരുതരത്തിലും പ്രോത്സാഹിപ്പിക്കുന്ന സർക്കാരല്ല കേരളത്തിലെ ഇടതുപക്ഷ സർക്കാർ. എന്നാൽ റോഡ് നാടിന്റെ ആവശ്യമാണ്. ആ നിലയിൽ കണ്ടുകൊണ്ട് ഈ വിഷയം പരിഹരിക്കാം.

(അധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)